ഉത്തരം

(എ) 20-1-2016-ലെ കോ-ഓർഡിനേഷൻ സമിതി യോഗം അപേക്ഷ പരിഗണിക്കുകയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് കോ-ഓർഡിനേഷൻ സമിതിയുടെ 3.2 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകരിച്ച മിനിട്സ് തദ്ദേശഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതുപ്രകാരം പഞ്ചായത്തിന് നടപടി സ്വീകരിക്കാവുന്നതാണ്.

പ്ലാസ്റ്റിക് മാലിന്യ പ്രശ്നപരിഹാരത്തിന് കരാർ

278 (T1656) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഭവങ്ങളും കുടിവെള്ളവും വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് കണ്ടെയിനറുകളും കുപ്പികളും തിരിച്ചെടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രശ്നം സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ശുചിത്വമിഷൻ

279 (1657) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചിത്വമിഷൻ വഴി നടത്താവുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഇതുവരെ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾക്കായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സഹായത്തിനു പുറമെ ഇതുവരെ സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചുവെന്നും അതിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശുചിത്വമിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

(എ) ശുചിത്വകേരളം മാലിന്യ സംസ്കരണ പദ്ധതി നഗരത്തിൽ

(ബി) ശുചിത്വകേരളം മാലിന്യ സംസ്കരണ പദ്ധതി ഗ്രാമത്തിൽ

(സി) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

(ഡി) സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

(ബി) ഇതുവരെ ലഭിച്ച കേന്ദ്ര സഹായം - 11125.33 ലക്ഷം.

(സി) ഇതുവരെ ലഭിച്ച സംസ്ഥാന വിഹിതം - 19383.55 ലക്ഷം.

ഇതുവരെ സംസ്ഥാന വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക-18390 ലക്ഷം.

അയൽക്കൂട്ടം

280 (1658) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തീരാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള അയൽക്കൂട്ടം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; അയൽക്കൂട്ടം തെരഞ്ഞെടുക്കേണ്ട സമിതികളുടെ എണ്ണം, അംഗങ്ങളുടെ സവിശേഷത എന്നിവയുടെ പ്രത്യേകം മാനദണ്ഡമോ മാർഗ്ഗനിർദ്ദേശമോ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

13-11-2014-ലെ സ.ഉ.(പി) നമ്പർ 198/2014/ത.സ്വ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.)യുടെ പരിഷ്കരിച്ച ബൈലായ്ക്ക് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ അയൽക്കൂട്ടം സംബന്ധിച്ച വിശദാംശങ്ങൾ വിവരിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

പ്രവാസികൾക്ക് സമ്മതിദാനം വിനിയോഗിക്കാൻ പദ്ധതി

281 (1659) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ത്രിതല പഞ്ചായത്തുകളിൽ പ്രവാസി കേരളീയർക്ക് സമ്മതിദാനം വിനിയോഗിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly